## 14 -ാം കേരള നിയമസഭ
## 13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 307 — 12/12/2018-ൽ മറുപടിക്ക്

### സംസ്ഥാനത്തിന്റെ എയിംസ് ആവശ്യത്തോടുള്ള കേന്ദ്ര നിലപാട്

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ.പി.വി. അൻവർ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) പൊതുജനാരോഗ്യ രംഗത്തെ മികച്ച നേട്ടം ദൃഢമാക്കുന്നതിനായി എയിംസ് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ദീർഘ നാളത്തെ ആവശ്യത്തോടുള്ള കേന്ദ്ര സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് എയിംസ് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ അനുകൂലമായ മറുപടി നാളിതുവരെ നൽകിയിട്ടില്ല |
| (ബി) മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലുള്ള ഉൽകൃഷ്ട സ്ഥാപനങ്ങളാക്കി ഉയർത്തുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (ബി) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിനായി ആർദ്രം, ഇ ഹെൽത്ത് പദ്ധതികൾ നടപ്പിലാക്കി നിലവാരം ഉയർത്തുന്നതിന് അത്യാധുനിക സംവിധാനങ്ങളോടുകൂടിയ പുതിയ കെട്ടിടങ്ങളും നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ചികിത്സാ ഉപകരണങ്ങളും സ്ഥാപിച്ചു വരുന്നു. കൂടാതെ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ ആരംഭിച്ചും, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും, കൂടുതൽ തസ്തിക സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ചും, ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകിയും, മെഡിക്കൽ കോളേജുകളെ ഉൽകൃഷ്ട സ്ഥാപനങ്ങൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) മെഡിക്കൽ കോളേജ് ആശുപത്രികളുടെ വികസന മാസ്റ്റർപ്ലാൻ തയ്യാറായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി 717.29 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇതിൽ 58.37 കോടി രൂപയുടെ |

ആദ്യഘട്ട പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 286 ഏക്കർ വിസ്തൃതിയുള്ള കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് ക്യാമ്പസ് പൂർണമായും ഉൾകൊള്ളിച്ച അടുത്ത 25 വർഷത്തെ വികസനം മുന്നിൽ കണ്ട് സർജിക്കൽ സൂപ്പർസ്പെഷ്യലിറ്റി ബ്ലോക്ക് ഉൾപ്പെടെ ഉൾപ്പെടുന്ന മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച വികസനപ്രവർത്തനങ്ങൾക്കായി 564 കോടി രൂപ കിഫ്ബി വഴി ലഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന്റെ വികസന മാസ്റ്റർ പ്ലാൻ M/s INKEL ന്റെ സഹായത്തോടെ തയ്യാറാക്കുകയും തൃശ്ശൂർ മെഡിക്കൽ കോളേജിലെ വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് M/s INKEL നെ നിയോഗിക്കുകയും മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് PWD വിഭാഗത്തിന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആകെ 368.75 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്രവികസനത്തിനായി മാതൃഭൂമി മിഷന്റെ നേതൃത്വത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്

| | |
|---|---|
| (ഡി) സംസ്ഥാനത്തെ ജില്ല താലൂക്കുതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ സേവനം ഏർപ്പെടുത്താനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) നവകേരള മിഷന്റെ ഭാഗമായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ആർദ്രം പദ്ധതിയുമായി ബന്ധപെട്ട സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട ജില്ലാ / ജനറൽ ആശുപത്രികളിൽ, ആദ്യഘട്ടം എന്ന നിലയിൽ സൂപ്പർസ്പെഷ്യലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങളിൽ തസ്തികകൾ സൃഷ്ടിച്ച നിയമനം നടത്തിയിട്ടുണ്ട്. സൂപ്പർസ്പെഷ്യലിറ്റി സംവിധാനം വികസിപ്പിക്കുന്നതിന് 2018 –19 സാമ്പത്തിക |

വർഷത്തിൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ